## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.3615
## 17.12.2015- ലെ മറുപടിക്ക്

## മണ്ഡലങ്ങളിൽ നടപ്പാക്കാൻ തീരുമാനിച്ച പദ്ധതികൾ

| ചോദ്യം<br>**ശ്രീ.കോടിയേരി ബാലകൃഷ്ണൻ, പ്രൊഫ.സി.രവീന്ദ്രനാഥ്, ശ്രീ. കെ. ദാസൻ, ശ്രീ. ടി.വി. രാജേഷ്** | ഉത്തരം<br>**ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** |
|---|---|
| (എ) നിയമ സഭാ സാമാജികരിൽ നിന്നുള്ള നിർദ്ദേശങ്ങൾ ശേഖരിച്ച് മണ്ഡലങ്ങളിൽ നടപ്പാക്കാൻ തീരുമാനിച്ച പദ്ധതികൾ യഥാസമയം നടപ്പിലാക്കാൻ സാധ്യമായിട്ടുണ്ടോ; ഏതെല്ലാം തരത്തിലുള്ള പദ്ധതികളായിരുന്നു പ്രഖ്യാപിച്ചിരുന്നത്; | സാധ്യമായിട്ടുണ്ട്; 22.07.2015 ലെ സർക്കുലർ നം. 67/2015/ധന, 22.03.2016 ലെ സർക്കുലർ നം. 26/2016/ധന എന്നിവ പ്രകാരം ആസ്തിവികസന പദ്ധതികൾ നടപ്പാക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.<br>നിയമസഭാ സാമാജികരിൽ നിന്നുള്ള നിർദ്ദേശങ്ങൾ ശേഖരിച്ച് മണ്ഡലങ്ങളിൽ നടപ്പാക്കുന്നതിനായി നിയോജകമണ്ഡലം ആസ്തി വികസന പദ്ധതി (LAC-ADS), പ്രത്യേക വികസന നിധി (MLA-SDF) എന്നീ പദ്ധതികൾ പ്രഖ്യാപിച്ചിരുന്നു. |
| (ബി) പ്രസ്തുത പദ്ധതികളുടെ നിർവ്വഹണ പുരോഗതി വിലയിരുത്താറുണ്ടോ; സർക്കാരിന്റെ ഏറ്റവും ഒടുവിലത്തെ വിലയിരുത്തലുകളുടെ അടിസ്ഥാനത്തിൽ വിശദീകരണം നല്കുമോ; | ആസ്തി വികസന പദ്ധതിയുടെ നിർവ്വഹണ പുരോഗതി വിലയിരുത്തുന്നതിനായി 1/09/2015-ലെ സർക്കാർ ഉത്തരവ് (സാധാ)നം.7791/2015/ധന. പ്രകാരം ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്.<br>2015- സെപ്റ്റംബർ മാസത്തിലാണ് കളക്ടേറ്റിലെ ജില്ലാ വികസന സമിതിയിൽ ആസ്തി വികസന പദ്ധതിയുടെ നിർവ്വഹണ പുരോഗതി വിലയിരുത്താൻ സർക്കാർ ഉത്തരവ് |

| | |
|---|---|
| | പുറപ്പെടുവിച്ചത്. ഇത് കാര്യക്ഷമമായി നടക്കുന്നതിനായി 20.05.2016 ലെ 48/2016/ധന നം. സർക്കുലർ പ്രകാരം ആസ്തി വികസന പദ്ധതിയിൻ കീഴിൽ നടപ്പാക്കുന്നതിനായുള്ള പ്രവൃത്തികളുടെ ഭരണാനുമതി ഉത്തരവുകൾ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്കുകൂടി ലഭ്യമാക്കണമെന്ന് ഭരണവകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. 04.06.2013 ലെ നം. 50/2013/ധന സർക്കുലർ പ്രകാരം എം.എൽ.എ മാരുടെ പ്രത്യേക വികസന നിധി പ്രകാരം നടപ്പിലാകുന്ന പ്രവൃത്തികളുടെ മേൽനോട്ടം ധനകാര്യ പരിശോധനാ വിഭാഗത്തെ ഏൽപ്പിച്ചുകൊണ്ട് നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. |
| (സി) എം.എൽ.എ. ഫണ്ട് പദ്ധതിയും ആസ്തി വികസന ഫണ്ട് പദ്ധതിയും ആരംഭിച്ചത് ഏത് വർഷത്തിലായിരുന്നു; പ്രസ്തുത പദ്ധതികളിൽ ഓരോ വർഷവും ചെലവഴിക്കാൻ തീരുമാനിക്കപ്പെട്ടിരുന്ന തുക എത്ര; ഈ ഇനത്തിൽ ഓരോ വർഷവും ട്രഷറിയിൽ നിന്നും പിൻവലിച്ച തുകയെത്ര; വിശദമാക്കുമോ; | എം.എൽ.എ ഫണ്ട് (MLA SDF) പദ്ധതി ആരംഭിച്ചത് 2001-02 വർഷത്തിലും, ആസ്തി വികസന പദ്ധതി (LAC ADS) ആരംഭിച്ചത് 2012-13 വർഷത്തിലുമാണ്. എം.എൽ.എ എസ്.ഡി.എഫ് ഇനത്തിൽ അലോട്ട്മെന്റ് നൽകിയ തുകയുടെ വിശദാംശങ്ങൾ അനുബന്ധം (1)ൽ ചേർക്കുന്നു. എൽ.എ.സി. എ.ഡി.എസ്. ഇനത്തിൽ ഒരു എം.എൽ.എ യ്ക്ക് ഓരോ സാമ്പത്തിക വർഷവും 5 കോടി എന്ന കണക്കിൽ ബജറ്റിൽ തുക വകയിരുത്തുന്നുണ്ട്. ട്രഷറിയിൽ നിന്നും ഓരോ വർഷവും പിൻവലിച്ച തുക സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം (2)ൽ ചേർക്കുന്നു. |

| | |
|---|---|
| ഡി) വികസന പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള നിർദ്ദേശങ്ങളിൽ നടപടി സ്വീകരിക്കുന്നതിൽ പ്രതിപക്ഷ/ഭരണ പക്ഷ മണ്ഡലങ്ങളെന്ന വകഭേദം കാണിക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ? | എം.എൽ.എമാരുടെ ആസ്തി വികസന പദ്ധതി , പ്രത്യേക വികസന നിധി എന്നിവയിലുള്ള നിർദ്ദേശങ്ങൾ പരിശോധിക്കുമ്പോൾ ഭരണപക്ഷം/പ്രതിപക്ഷം എന്ന വകഭേദം കാണിക്കാറില്ല. ഇത്തരം നിർദ്ദേശങ്ങൾ അതീവ ഗൗരവത്തോടെയാണ് കാണുന്നത്. സമീപകാലത്തെങ്ങും ഇത്തരം ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

**അക്കൗണ്ട്സ് ഓഫീസർ**

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്